പ്രവർത്തിക്കുന്നുണ്ട്. സർക്കാർ നിയന്ത്രണത്തിലുള്ള 15 വൃദ്ധ സദനങ്ങളിൽ 13 എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതാണ്. തിരുവനന്തപുരത്തുള്ള രണ്ട് വൃദ്ധ സദനങ്ങളാണ് സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളത്. അനാഥാലയങ്ങളും ഇന്നുംതന്നെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല.

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള വൃദ്ധ സദനങ്ങളിൽ പ്രതിവർഷം 20,000 രൂപയിൽ കൂടുതൽ വരുമാനമുള്ളവരിൽനിന്നും 500 രൂപ പ്രതിമാസം ഈടാക്കുന്നതിന് നിർദ്ദേശമുണ്ട്. മറ്റ് സംഘടനകളും നടത്തുന്ന വൃദ്ധ സദനങ്ങളിൽ മുതിർന്നവരിൽനിന്നും ഫീസ് ഈടാക്കുന്നതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 153 വൃദ്ധ സദനങ്ങൾക്കും 617 അനാഥാലയങ്ങൾക്കും ഗ്രാന്റ് നൽകുന്നു. ഒരു അന്തേവാസിക്ക് പ്രതിമാസം 125 രൂപ നിരക്കിലാണ് പഞ്ചായത്ത്/കോർപ്പറേഷൻ വഴി ഗ്രാന്റ് നൽകുന്നത്.

വൃദ്ധ സദനങ്ങൾക്കും അനാഥാലയങ്ങൾക്കുമുള്ള സർക്കാർ ഗ്രാന്റ്

35 [2172] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൃദ്ധ സദനങ്ങളും അനാഥാലയങ്ങളും ഉണ്ട്; ഇവയിൽ സർക്കാർ നേരിട്ട് നടത്തുന്നവ എത്ര;

(ബി) ഈ സദനങ്ങളിലെ മുതിർന്നവരിൽനിന്നും എന്തെങ്കിലും ഫീസ് ഈടാക്കുന്നുണ്ടോ;

(സി) ഇവയിൽ എത്ര സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഗ്രാന്റ് നൽകുന്നു; ഗ്രാന്റ് തുക എത്രയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 242 വൃദ്ധ സദനങ്ങളും 812 അനാഥാലയങ്ങളും ഉണ്ട്. കൂടാതെ സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം 15 വൃദ്ധ മന്ദിരങ്ങളും പ്രവർത്തിക്കുന്നുമുണ്ട്. സർക്കാർ നിയന്ത്രണത്തിലുള്ള 15 വൃദ്ധ മന്ദിരങ്ങളിൽ 13 എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതാണ്. തിരുവനന്തപുരത്തുള്ള രണ്ട് വൃദ്ധ സദനങ്ങളാണ് സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളത്. അനാഥാലയങ്ങളും യാതൊന്നുംതന്നെ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല.

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള വൃദ്ധ സദനങ്ങളിൽ പ്രതിവർഷം 20,000 രൂപയിൽ കൂടുതൽ വരുമാനം ഉള്ളവരിൽനിന്നും 500 രൂപ പ്രതിമാസം ഈടാക്കുന്നതിന് സർക്കാർ നിർദ്ദേശമുണ്ട്. മറ്റ് സംഘടനകളും നടത്തുന്ന വൃദ്ധ സദനങ്ങളിൽ മുതിർന്നവരിൽനിന്നും ഫീസ് ഈടാക്കുന്നതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 153 വൃദ്ധ സദനങ്ങൾക്കും, 617 അനാഥാലയങ്ങൾക്കും ഗ്രാന്റ് നൽകുന്നു. ഒരു അന്തേവാസിക്ക് പ്രതിമാസം 125 രൂപ നിരക്കിലാണ് പഞ്ചായത്ത്/കോർപ്പറേഷൻ വഴി ഗ്രാന്റ് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly